കേരള സർക്കാർ

സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ് - ലൈംഗികാതിക്രമ അതിജീവിതരായ കുട്ടികൾക്കായി പ്രിലിമിനറി അസ്സെസ്സ്മെന്റ് പദ്ധതി - സ്കൂൾ കൗൺസിലർമാർക്കുള്ള ഓണറേറിയം - തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)238/2024/WCDD** **Dated,17/07/2024**

---

എ.എസ് നമ്പർ : AS/WCD/24/35796 കാലാവധി : 31/03/2025

പരാമർശം:- 1. 19.05.2023-ലെ സ.ഉ.(സാധാ) നം.286/2023/വ.ശി.വി.വ
2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 19.04.2024-ലെ DWCD/1981/2024–NCPO1
3. 26.06.2024-ലെ ഒന്നാമത്തെ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

## ഉത്തരവ്

വനിത ശിശു വികസന വകുപ്പിന് കീഴിൽ നിർഭയ സെൽ മുഖാന്തിരം ലൈംഗികാതിക്രമ അതിജീവിതരായ കുട്ടികളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലേക്ക് പ്രധാന പങ്ക് വഹിക്കുന്ന ഒരു പദ്ധതിയാണ് പ്രിലിമിനറി അസ്സെസ്സ്മെന്റ് പദ്ധതി. അതാത് പ്രദേശത്തെ സ്കൂൾ കൗൺസിലർമാർ അതിജീവിതരായ കുട്ടികളുടെ അടിയന്തിര ആവശ്യങ്ങൾ മനസ്സിലാക്കി അതിനാവശ്യമായ സേവനങ്ങൾ എത്തിക്കുന്നതാണ് ടി പദ്ധതി. അതിജീവിതർക്ക് നൽകുന്ന അടിയന്തിര ധനസഹായ പദ്ധതിയായ ആശ്വാസനിധി അനുവദിക്കുന്നതിന് പ്രിലിമിനറി അസ്സെസ്സ്മെന്റ് റിപ്പോർട്ട് ഒരു അവശ്യ രേഖയായി പരാമർശിച്ചിട്ടുണ്ട്.

2. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 21,00,000/- രൂപ (ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. ടി തുകയിൽ നിന്നും 500/ രൂപ ഒരു അസ്സെസ്സ്മെന്റിന് എന്ന നിരക്കിലാണ് ഓരോ സ്കൂൾ കൗൺസിലർമാർക്കും അനുവദിച്ചു നൽകിയിരുന്നുവെന്നും ടി പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തെ തുടർ പ്രവർത്തനങ്ങൾക്കായി 500 രൂപ ഒരു അസ്സസ്സ്മെന്റിനു എന്ന നിരക്കിൽ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് അനുവദിക്കുന്നതിലേക്ക് ടി പദ്ധതിയുടെ കഴിഞ്ഞ വർഷത്തെ ആകെ ചിലവിന്റെ അടിസ്ഥാനത്തിൽ 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235–02–103–68 (Plan) (01) Nirbhaya Programs – 34 OC 3 Other items എന്ന ശീർഷകത്തിൽ നിന്നും ചിലവഴിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം (2)-ലെ പ്രൊപ്പോസൽ വർക്കിങ് ഗ്രൂപ്പ് മുൻപാകെ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

AS/WCD/24/35796

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ആകെ | 10,00,000 |
| ആകെ (പത്ത് ലക്ഷം രൂപ) | | **10,00,000** |

3. പ്രസ്തുത പ്രൊപ്പോസൽ 26/06/2024-ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് പരാമർശം (3) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് (ഇനം.1).

4. പ്രസ്തുത സാഹചര്യത്തിൽ, ലൈംഗികാതിക്രമ അതിജീവിതരായ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിലേക്ക് പ്രധാന പങ്ക് വഹിക്കുന്ന പ്രിലിമിനറി അസ്സെസ്സ്മെന്റ് പദ്ധതിയുടെ 2024-25 ലെ തുടർ പ്രവർത്തനങ്ങൾക്കായി 500/- രൂപ ഒരു അസ്സസ്സ്മെന്റിന് എന്ന നിരക്കിൽ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് അനുവദിക്കുന്നതിനായി 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68 (Plan) (01) Nirbhaya Programs - 34 OC 3 Other items എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

AS/WCD/24/35/96

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ. റ്റി.കെ.
അഡീഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K